"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർപേഴ്സണായ ശ്രീമതി.ശ്രീകല.എസ്.-ന് ടിയാരി സേവനത്തിൽ നിന്നും സൂപ്പർആനുവേഷനിൽ വിരമിക്കുന്ന തീയതിയായ **31.05.2026**-നു ശേഷം, **01.06.2026** മുതൽ **30.12.2026** വരെയുള്ള കാലയളവിൽ ചെയർപേഴ്സൺ തസ്തികയിലുള്ള സേവനം പുനർനിയമനമായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**19/2026/ENVT** തീയതി,തിരുവനന്തപുരം, **14-03-2026**

---

പരാമർശം:-
1. സ.ഉ.(സാധാ)നം.**99/2023**/പരി തീയതി **30.12.2023**
2. സ.ഉ.(പി) നം.**159/2016**/ധന **19.10.2016**
3. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സന്റെ **24/12/2025** തീയതിയിലെ **KSPCB/E1/43/2024/AO** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം **(1)** ഉത്തരവ് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചീഫ് എൻവയോൺമെന്റൽ എൻജിനീയറായ ശ്രീമതി.ശ്രീകല.എസ്.-നെ മൂന്ന് വർഷത്തേക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സണായി നിയമിയ്ക്കുകയും ടിയാരി **30.12.2023** അപരാഹ്നത്തിൽ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ശ്രീമതി.ശ്രീകല.എസ്. **31.05.2026** തീയതിയിൽ സർക്കാർ സേവനത്തിൽ നിന്നും, സൂപ്പർആനുവേഷൻ വഴി വിരമിക്കുന്നതിനാൽ , ടിയാരിയുടെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ തസ്തികയിലെ നിയമന കാലാവധി **31.05.2026** ൽ അവസാനിക്കുന്നതിനാൽ ശേഷിക്കുന്ന കാലാവധിയായ **01.06.2026** മുതൽ **30.12.2026** വരെ ക്രമീകരിക്കണമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം **(3)** പ്രകാരം

അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർപേഴ്സണായ ശ്രീമതി.ശ്രീകല.എസ് -ന് ടിയാരി സേവനത്തിൽ നിന്നും സൂപ്പർആനുവേഷനിൽ വിരമിക്കുന്ന തീയതിയായ **31.05.2026**-നു ശേഷം, **01.06.2026** മുതൽ **30.12.2026** വരെയുള്ള കാലയളവിൽ ചെയർപേഴ്സൺ തസ്തികയിലുള്ള സേവനം പുനർനിയമനമായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ, ടിയാരിയുടെ സേവന വേതന വ്യവസ്ഥകൾ പരാമർശം (2)-ലെ നിബന്ധനകൾക്കനുസരിച്ച് കെ.എസ്.ആർ ഭാഗം **III** ചട്ടം **100** പ്രകാരം പരിഷ്കരിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി. ശ്രീകല.എസ്, ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
2. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി.) വകുപ്പ് (**13.03.2026**-ലെ മന്ത്രിസഭായോഗത്തിലെ ഇനം നം.**3908** നടപടിക്കുറിപ്പുകൾ പ്രകാരം )
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം
5. ധനകാര്യ വകുപ്പ് (**17.2.2026** തീയതിയിലെ **3382796/PU-C4/7/2026**-ധന. നം.)
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Royi J
Date: 15-03-2026 14:14:30
സെക്ഷൻ ഓഫീസർ